**പതിനാലാം കേരളനിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3567** — **14.03.2017-ൽ മറുപടിക്ക്**

**മൂവാറ്റുപുഴ 13/17 നമ്പർ കേസ് അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മൂവാറ്റുപുഴ പണ്ടപ്പിള്ളി തടത്തിൽ പറമ്പിൽ വീട്ടിൽ ശ്രീ. ഉല്ലാസിനെയും ഭാര്യ മിനി ഉല്ലാസിനെയും 2017 ജനവരി 1-ാം തീയതി പുലർച്ചെ അവരുടെ വീട്ടിൽ കയറി ആക്രമിച്ചതുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ പോലീസ് 13/17 നമ്പറായി എടുത്തിട്ടുള്ള കേസിൽ ഇതുവരെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) ശ്രീ.ടി.സി.ഉല്ലാസിന്റെ ഭാര്യ ശ്രീമതി മിനി ഉല്ലാസിന്റെ മൊഴി പ്രകാരം 01.01.2017 തീയതി മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 13/17 u/s. 143, 147, 148, 452, 323, 324, 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ആരോപണവിധേയരായ ഫെബിൻ ജോർജ്ജ്, റോബിൻ കെ. തങ്കച്ചൻ, അനീഷ്, രതീഷ്, ജോൺ, മൈക്കിൾ എന്നിവരെ പ്രതിക്കോളത്തിൽ ചേർത്ത് അന്വേഷണം നടത്തിയതിൽ പ്രതികൾ സെക്ഷൻ 451, 324, 323, 34 IPC പ്രകാരമുള്ള കുറ്റകൃത്യമാണ് ചെയ്തത് എന്ന് വെളിവായിട്ടുള്ളതും തുടർന്ന് ടി സെക്ഷൻ പ്രകാരം അന്വേഷണം നടത്തുന്ന കാര്യത്തിന് ബഹുമാനപ്പെട്ട കോടതിയ്ക്ക് റിപ്പോർട്ട് കൊടുത്ത് അന്വേഷണം നടത്തി വരവെ കേസ്സിൽ പ്രതിക്കോളത്തിൽ പറയുന്ന ഫെബിൻ, അനീഷ്, ജോണി തോമസ് എന്നിവരെ 02.01.2017 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. കേസ്സിലേയ്ക്ക് അറസ്റ്റ് ചെയ്യാത്ത 3-ാം പ്രതി റോബിനെ അന്വേഷിച്ചതിൽ ടിയാൻ സംഭവത്തിന് ശേഷം വിദേശത്തേക്ക് പോയതായി വെളിവായിട്ടുണ്ട്. ഇതിൽ എഫ്.ഐ.ആർ. കോളത്തിൽ ചേർത്തിരുന്ന ആരോപണവിധേയരായ രതീഷ്, മൈക്കിൾ എന്നിവർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് അന്വേഷണത്തിൽ വെളിവായിട്ടുള്ളതിനാൽ ടിയാന്മാരെ പ്രതിക്കോളത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഇതിനുപുറമേ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമം പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ Sec. 3(1)(s), 3(2)(V)(a) of SC/ST PoA Act പ്രകാരമുള്ള വകുപ്പ് ചേർത്ത് മൂവാറ്റുപുഴ ഡി.വൈ.എസ്.പി. അന്വേഷണം നടത്തി വരുന്നു. |
| (ബി) ഇത് സംബന്ധിച്ച് ഇവർ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയുടെ (G5-894/2017/E dt.7.1.17) അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ടി പരാതിയിൽ പറയുന്ന സംഭവങ്ങൾ കൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തിയിട്ടുള്ളതാണ്. |
| (സി) ഈ കേസിന്റെ ഇപ്പോഴത്തെ അന്വേഷണ പുരോഗതി ലഭ്യമാക്കുമോ? | (സി) ടി കേസ് ഇപ്പോൾ മൂവാറ്റുപുഴ ഡി.വൈ.എസ്.പി. അന്വേഷണം നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**